**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3997** **17-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ നഴ്സിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളും നിയമനങ്ങളും നിർബന്ധിത ഇന്റേൺഷിപ്പും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ നഴ്സിംഗ് കോളേജുകൾ എവിടെയൊക്കെയാണ് ആരംഭിച്ചത്; പ്രസ്തുത കോളേജുകളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലും കേരള നഴ്സസ് ആൻഡ് മിഡ് വൈഫ് കൗൺസിലും നിർദ്ദേശിക്കുന്ന രീതിയിൽ കോളേജ് കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, അധ്യാപകർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2022-23 അധ്യയന വർഷം കൊല്ലം മഞ്ചേരി എന്നിവിടങ്ങളിലായി 2 പുതിയ സർക്കാർ നേഴ്സിംഗ് കോളേജുകൾ ആരംഭിച്ചു.<br><br>2023-24 അധ്യയന വർഷം 5 പുതിയ സർക്കാർ നഴ്സിംഗ് കോളേജുകൾ ചുവടെപ്പറയുന്ന ജില്ലകളിൽ ആരംഭിച്ചു.<br><br>1. സർക്കാർ നേഴ്സിംഗ് കോളേജ്, പത്തനംതിട്ട<br><br>2. സർക്കാർ നേഴ്സിംഗ് കോളേജ്, ഇടുക്കി<br><br>3. സർക്കാർ നേഴ്സിംഗ് കോളേജ്, പാലക്കാട്<br><br>4. സർക്കാർ നേഴ്സിംഗ് കോളേജ്, വയനാട്<br><br>5. സർക്കാർ നേഴ്സിംഗ് കോളേജ്, കാസർഗോഡ്<br><br>മേൽപ്പറഞ്ഞ കോളേജുകൾക്ക് പുറമെ തിരുവനന്തപുരം സർക്കാർ നേഴ്സിംഗ് കോളേജിനോടനുബന്ധമായി 100 സീറ്റോടുകൂടി അധിക ബാച്ച് അനുവദിച്ചിരുന്നു.<br><br>പുതുതായി ആരംഭിച്ച എല്ലാ നേഴ്സിംഗ് കോളേജുകളിലും ഇന്ത്യൻ നേഴ്സിംഗ് കൗൺസിലും കേരള നേഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിലും അനുശാസിക്കുന്നവിധം അധ്യാപക /അനധ്യാപക തസ്തികകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിന് അനുവദിച്ച തുകയിൽ അധ്യാപകർക്കായി നീക്കിവെച്ചിരുന്ന വിഹിതം ഏത് രീതിയിൽ വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ; പുതിയ നഴ്സിംഗ് കോളേജിൽ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചു നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാകുമോ; | (ബി) | സ.ഉ (കൈ) നം. 2063/2022/ആരോഗ്യം തീയതി 20/08/2022 പ്രകാരം 2022-23 ൽ ആരംഭിച്ച കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകൾക്ക് 50 ലക്ഷം രൂപയും, സ.ഉ (കൈ) നം. 198/2023/ ആ.കു.വ തീയതി 12/08/2023 പ്രകാരം 2023-24 ൽ ആരംഭിച്ച പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, തിരുവനന്തപുരം (അനക്സ്) നഴ്സിംഗ് കോളേജുകൾക്കായി ഒരു കോടി രൂപ വീതം ആകെ 6 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുകയിൽ അധ്യാപകർക്കായി പ്രത്യേക വിഹിതം നീക്കിവച്ചിട്ടില്ല. മേൽ സൂചിപ്പിച്ച പുതിയ നേഴ്സിംഗ് കോളേജുകളിൽ 15.07.2022- ലെ സ.ഉ (കൈ) നം. 150/2022/ആ.കു.വ, 13.10.2023- ലെ സ.ഉ (കൈ) നം. 282/2023/ ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം അധ്യാപക/ അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. സർക്കാർ നേഴ്സിംഗ് കോളേജുകളിൽ നിന്നും എം.എസ്.സി (നേഴ്സിംഗ്) പൂർത്തിയാക്കിയവർക്ക് 11.07.2024- ലെ സ.ഉ (കൈ) നം. 151/2024/ആ.കു.വ പ്രകാരം ഒരു വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയതിന്റെ ഫലമായി ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുശാസിക്കുന്ന അധ്യാപക വിദ്യാർത്ഥി അനുപാതമായ 1:10 നേഴ്സിംഗ് കോളേജുകളിൽ പാലിക്കപ്പെടുന്നുണ്ട്. തുടർന്നുള്ള അധ്യയന വർഷങ്ങളിൽ നിശ്ചിത അനുപാതം പാലിക്കുന്നതിനാവശ്യമായ അധ്യാപക തസ്തികകൾ സർക്കാർ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുതിയ കോളേജുകളിൽ അധ്യാപകരെ നിയമിക്കാതെ മറ്റു കോളേജുകളിൽ നിന്നും ജോലി ക്രമീകരണം വഴി നിയമനം നടത്തുമ്പോൾ നഴ്സിംഗ് കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അനുശാസിക്കുന്ന 1:10 എന്ന അധ്യാപക വിദ്യാർത്ഥി അനുപാതം പാലിക്കപ്പെടുവാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആവശ്യമായ അധ്യാപകരെ നിയമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | സ.ഉ (കൈ) നം. 2063/2022/ആരോഗ്യം തീയതി 20/08/2022 പ്രകാരം 2022-23 ൽ ആരംഭിച്ച കൊല്ലം, മഞ്ചേരി നഴ്സിംഗ് കോളേജുകൾക്ക് 50 ലക്ഷം രൂപയും, സ.ഉ (കൈ) നം. 198/2023/ ആ.കു.വ തീയതി 12/08/2023 പ്രകാരം 2023-24 ൽ ആരംഭിച്ച പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, തിരുവനന്തപുരം (അനക്സ്) നഴ്സിംഗ് കോളേജുകൾക്കായി ഒരു കോടി രൂപ വീതം ആകെ 6 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ടി തുകയിൽ അധ്യാപകർക്കായി പ്രത്യേക വിഹിതം നീക്കിവച്ചിട്ടില്ല. മേൽ സൂചിപ്പിച്ച പുതിയ നേഴ്സിംഗ് കോളേജുകളിൽ 15.07.2022- ലെ സ.ഉ (കൈ) നം. 150/2022/ആ.കു.വ, 13.10.2023- ലെ സ.ഉ (കൈ) നം. 282/2023/ ആ.കു.വ എന്നീ ഉത്തരവുകൾ പ്രകാരം അധ്യാപക/ അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുണ്ട്. സർക്കാർ നേഴ്സിംഗ് കോളേജുകളിൽ നിന്നും എം.എസ്.സി (നേഴ്സിംഗ്) പൂർത്തിയാക്കിയവർക്ക് 11.07.2024- ലെ സ.ഉ (കൈ) നം. 151/2024/ആ.കു.വ പ്രകാരം ഒരു വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയതിന്റെ ഫലമായി ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുശാസിക്കുന്ന അധ്യാപക വിദ്യാർത്ഥി അനുപാതമായ 1:10 നേഴ്സിംഗ് കോളേജുകളിൽ പാലിക്കപ്പെടുന്നുണ്ട്. തുടർന്നുള്ള അധ്യയന വർഷങ്ങളിൽ നിശ്ചിത അനുപാതം പാലിക്കുന്നതിനാവശ്യമായ അധ്യാപക തസ്തികകൾ സർക്കാർ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നഴ്സിംഗ് കോളേജുകളിൽ നിന്നും എം.എസ്.സി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണ് എന്നറിയിക്കുമോ; ഇപ്രകാരം നിർബന്ധിത ഇന്റേൺഷിപ്പ് നടത്തുന്നതിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ നിഷ്കർഷിക്കുന്ന അധ്യാപകവിന്യാസം പാലിച്ചുകൊണ്ട് 2023-24 അധ്യയന വർഷം സർക്കാർ പുതിയ 5 നേഴ്സിംഗ് കോളേജുകളും തിരുവനന്തപുരം നേഴ്സിംഗ് കോളേജിന് അനുബന്ധമായി ബി.എസ്.സി (നേഴ്സിംഗ്) കോഴ്സിന് 100 സീറ്റോടെ അധികബാച്ചും ആരംഭിച്ചതിന്റെ പശ്ചാത്തലത്തിലും ടീച്ചിംഗ് ഇന്റേൺഷിപ്പ് മുഖേന ലഭിക്കുന്ന പരിചയം വിദ്യാർത്ഥികളുടെ കരിയർ മെച്ചപ്പെടുത്താൻ ഉപകരിക്കും എന്നതിനാലുമാണ് 11.07.2024- ലെ സ.ഉ (കൈ) നം. 151/2024/ആ.കു.വ പ്രകാരം എം.എസ്.സി (നേഴ്സിംഗ്) പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത ടീച്ചിംഗ് ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത്. ബോണ്ടഡ് ലക്ചറർമാരായി സേവനമനുഷ്ഠിക്കാൻ താത്പര്യം പ്രകടിപ്പിക്കുന്ന എം.എസ്.സി വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളെ മുൻപും ബോണ്ടഡ് ലക്ചറർമാരായി നിയമിച്ചിരുന്നു. Association of Medical Super Speciality Aspirants and Residents and Ors. Vs. Union of India and Others [(2019) 8 SCC 607] എന്ന കേസിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധി പ്രകാരം സ്റ്റൈപെന്റോടെ സർക്കാർ ട്രെയിനിംഗ് സ്ഥാപനങ്ങളിൽ പഠിച്ച വിദ്യാർത്ഥികൾക്ക് ബോണ്ടിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുന്നത് ക്രമവിരുദ്ധമല്ല. ബോണ്ടിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുന്നതിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ആവശ്യമില്ല. കേരളത്തിലെ സർക്കാർ നഴ്സിംഗ് കോളേജുകളിലെ എം.എസ്.സി (നഴ്സിംഗ്) കോഴ്സ് ഒരു സ്റ്റൈപെന്ററി കോഴ്സാണ്. എം.എസ്.സി (നേഴ്സിംഗ്) കോഴ്സിന് സർക്കാർ നേഴ്സിംഗ് കോളേജുകളിൽ ആകെ |

| | | | |
|---|---|---|---|
| | | | 35,000/- രൂപ മാത്രമാണ് ഫീസായി ഈടാക്കുന്നത്. കൂടാതെ എല്ലാ മാസവും 17,500/- രൂപ സ്റ്റൈപെന്റായും നൽകുന്നു. സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും ദന്തൽ കോളേജുകളിൽ നിന്നും പി.ജി പഠനം പൂർത്തീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത സേവനം നിലവിലുണ്ട്. അതേ മാതൃകയിലാണ് പ്രതിമാസം 25,000/- രൂപ വേതനത്തോടെ എം.എസ്.സി (നഴ്സിംഗ്) കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. |
| (ഇ) | നിയമപ്രകാരമല്ലാതെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുകയും അതിന്റെ പേരിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തടഞ്ഞു വയ്ക്കുകയും ചെയ്യുന്ന നടപടി പിൻവലിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഇ) | നിർബന്ധിത ഇന്റേൺഷിപ്പിനെതിരെ ഒരു കൂട്ടം വിദ്യാർത്ഥികൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) NO. 37369 OF 2024 എന്ന കേസിലെ 19.12.2024- ലെ വിധിയിൽ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയ 11.07.2024- ലെ സ.ഉ (കൈ) നം. 151/2024/ ആ.കു.വ സർക്കാർ ഉത്തരവ് ക്രമപ്രകാരമാണെന്ന് നിരീക്ഷിച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ വിദ്യാർത്ഥികൾ റിട്ട് അപ്പീൽ നം. 158/2025 ഫയൽ ചെയ്തു. പ്രസ്തുത റിട്ട് അപ്പീലിലെ 29.01.2025- ലെ വിധിയിൽ നിർബന്ധിത ഇന്റേൺഷിപ്പ് ക്രമവിരുദ്ധമല്ലായെന്ന് കോടതി നിരീക്ഷിക്കുകയും എന്നാൽ കോഴ്സ് പൂർത്തിയാക്കിയവരെ സംബന്ധിച്ചിടത്തോളം കോഴ്സ് അവസാനിക്കാറായ സന്ദർഭത്തിലാണ് ഇന്റേൺഷിപ്പ് നിർബന്ധമാക്കിയതെന്നതിനാൽ മാത്രം കോഴ്സ് പൂർത്തിയാക്കിയവരുടെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാൻ ഉത്തരവായി. ആയതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകിയിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ നിർബന്ധമായി തടഞ്ഞുവച്ചിട്ടില്ല. |
| (എഫ്) | നഴ്സിംഗ് പഠനത്തിന്റെ നിലവാര തകർച്ച ഒഴിവാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി നഴ്സിംഗ് കോളേജുകളിലെ അധ്യാപക തസ്തികകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിര നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എഫ്) | നേഴ്സിംഗ് വിഭാഗം അധ്യാപക തസ്തികകളിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ നഴ്സിംഗ് തസ്തികയിലാണ് പി.എസ്.സി മുഖാന്തിരം നേരിട്ട് നിയമനം നടത്തപ്പെടുന്നത്. നിലവിൽ എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം 54 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ